# വിദ്യാലയപ്രവർത്തനം 2025-2026

**സമഗ്രാസൂത്രണരേഖ**

## ACADEMIC MASTER PLAN

## ഗവ. ഹയർ സെക്കൻററി സ്കൂൾ

## കടമ്മനിട്ട

# അകത്താളം


| | |
|---|---|
| ആമുഖം | 3 |
| അടിസ്ഥാന വിവരങ്ങൾ | 4, 5 |
| പൊതുലക്ഷ്യങ്ങൾ | 6,7 |
| വിഷയാധിഷ്ഠിത ലക്ഷ്യങ്ങൾ | 8-13 |
| ഭാഷാ മികവ് | 8 |
| സാമൂഹ്യശാസ്ത്ര മികവ് | 9 |
| ഗണിത മികവ് | 9 |
| ശാസ്ത്ര മികവ് | 10 |
| സാങ്കേതിക വിദ്യാഭ്യാസ | 10 |
| കലാമികവ് | 11 |
| കായികമികവ് | 11 |
| പ്രവർത്തി പരിചയമികവ് | 11 |
| അക്കാദമിക കലണ്ടർ സംക്ഷിപ്തം | 12, 13 |
| പ്രവർത്തന ആസൂത്രണം | അനുബന്ധം |
| യു.പി വിഭാഗം | അനുബന്ധം 1 |
| ഹൈസ്കൂൾ വിഭാഗം | അനുബന്ധം 2 |
| ഉപസംഹാരം | |
| നിരീക്ഷണങ്ങൾ മാർഗ്ഗദർശനങ്ങൾ | |

# ആമുഖം

## നൂറിന്റെ നിറവിൽ നാടിന്റെ ശ്രീകോവിൽ

അതിപ്രാചീനമായ ഗ്രാമസംസ്കൃതിയുടെ പാരമ്പര്യമുള്ള മലനാട്ടുഗ്രാമമാണ് കടമ്മനിട്ട എന്ന പടേനിഗ്രാമം. മലയാളകവിതയിൽ ആധുനികതയുടെ ഇടിമുഴക്കം സൃഷ്ടിച്ച കടമ്മനിട്ട രാമകൃഷ്ണന്റെ ജന്മദേശത്ത് 1925 ൽ കരനാഥനായിരുന്ന കവുങ്ങോട്ട് ഗോവിന്ദക്കുറുപ്പ് തിരുവിതാംകൂർ മഹാരാജാവിനെ നേരിട്ടുകണ്ട് കല്പന വാങ്ങി സ്ഥാപിച്ചതാണ് നാടിന്റെ ശ്രീകോവിലായ ഈ പള്ളിക്കൂടം. ആദ്യകാലത്ത് നിരവത്ത് പ്രവർത്തിച്ചിരുന്ന വിദ്യാലയം 1932 ൽ കടമ്മനിട്ട തിരികെ മാറ്റി സ്ഥാപിച്ചു. പിന്നീട് എൽ പി വിഭാഗം പ്രത്യേക ഭരണനിർവഹണസംവിധാനമായി. യു.പി, ഹൈസ്കൂൾ ഹയർസെക്കന്ററി വിഭാഗങ്ങൾ ഒരുമിച്ചുപ്രവർത്തിക്കുന്നു. ഇക്കഴിഞ്ഞവർഷം ശതാബ്ദി ആഘോഷിച്ച ഈ മഹത്തായ വിദ്യാലയം അനവധി ശ്രേഷ്ഠവ്യക്തികളെ നാട്ടിന് സംഭാവന ചെയ്തിട്ടുണ്ട്. പടയണി ആചാര്യൻ പ്രൊഫ. കടമ്മനിട്ട വാസുദേവൻപിള്ള, അഭിവന്ദ്യ സ്ഥാപിതാക്കന്മാരായ സാമുവേൽ മാർ ഐറേനിയസ്, ലോകസഭാ സെക്രട്ടറിജനറലായിരുന്ന പി ഡി റ്റി ആചാരി, പ്രശസ്ത നാടകനടൻ കടമ്മനിട്ട മണി, വോളിബോൾ ഇതിഹാസമായിരുന്ന സാജൻ തുടങ്ങിയ പ്രതിഭാശാലികൾ പഠിച്ചിറങ്ങിയ പുണ്യഭൂമിയാണിത്. കേന്ദ്രമാനവവിഭവശേഷി മന്ത്രിയായിരുന്ന ശ്രീ അർജ്ജുൻസിങ്, ലോകസഭാ സ്പീക്കർ ശ്രീ സോമനാഥ് ചാറ്റർജി, കേരളത്തിന്റെ പ്രിയമുഖ്യമന്ത്രി ടി. ഇ കെ നായനാർ, ഗോവ ഗവർണർ ശ്രീ. പി എസ് ശ്രീധരൻപിള്ള തുടങ്ങിയ മഹനീയവ്യക്തികൾ ഈ വിദ്യാലയം സന്ദർശിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസരംഗത്ത് മികവിന്റെ മാതൃകയായി നിലകൊള്ളുന്ന ഈ വിദ്യാലയം 2012 മുതൽ പത്താം ക്ലാസിൽ നൂറുമേനി വിജയം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ വിജയകരമായി നടപ്പാക്കിയ തനതുപ്രവർത്തനങ്ങൾ - പാഠവീടും പാഠോത്സവവും -പിന്നീട് സംസ്ഥാന തലത്തിൽ ഏറ്റെടുക്കുകയുണ്ടായി. ഈ വിദ്യാലയത്തിൽ വിദ്യാർത്ഥിനിയായിരിക്കെ അഖില മോഹൻ എഴുതിയ കവിത ചോദ്യപ്പേപ്പറിൽ സ്ഥാനം പിടിച്ചു.

മഹിതമായ ഈ ഭൂതകാല ഭൂമികയിൽനിന്ന് വർത്തമാന കാലയാഥാർത്ഥ്യത്തിലേക്കെത്തുമ്പോൾ സ്ഥിതിഗതികൾ അത്ര ശുഭമല്ല. കുട്ടികളുടെ എണ്ണത്തിലും രക്ഷിതാക്കളുടെ പങ്കാളിത്തത്തിലും പിന്നാക്കാവസ്ഥ തുടരുകയാണ്. ശാസ്ത്രീയമായ ആസൂത്രണത്തിലൂടെ ഇതിനൊരു മാറ്റം പ്രതീക്ഷിക്കുന്നു. വരും വർഷം അൻപതു കുട്ടികളുടെയെങ്കിലും വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള സാമൂഹികഇടപെടൽ അനിവാര്യമായിരിക്കുന്നു. വിദ്യാലയത്തിന്റെ അക്കാദമിക മികവുകൾ ഇരട്ടിയാക്കി വർദ്ധിപ്പിക്കുക. ഓരോ മികവും സാമൂഹ്യശ്രദ്ധനേടുന്നവിധം ഫലപ്രദമായി അവതരിപ്പിക്കുക എന്ന മികവുകർമ്മപദ്ധതിയാണ് ഈ വർഷത്തെ ആസൂത്രണത്തിന്റെ കാതൽ. സമഗ്രഗുണമേന്മാവർഷത്തിൽ ഓരോ കുട്ടിയുടെയും പരമാവധി വികാസത്തിന്റെ ആകെത്തുകയായി വിദ്യാലയവികാസം ശ്രദ്ധേയമാക്കേണ്ടതുണ്ട്; ആ കർമ്മപദ്ധതിയുള്ള കാര്യപരിപാടിയാണ് ഇവിടെ അവതരിപ്പിക്കുന്നത് .

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ഗവ. ഹയർസെക്കന്ററി സ്കൂൾ കടമ്മനിട്ട |
| വിലാസം | കടമ്മനിട്ട തപാൽ പത്തനംതിട്ട ജില്ല pin: 689649 |
| ഫോൺ | 9400200307 |
| ഇമെയിൽ | gouthskdm@gmail.com |
| വെബ് സൈറ്റ് | |
| സ്കൂൾ കോഡ് | 38017 |
| വിദ്യാഭ്യാസ ഉപജില്ല | കോഴഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | പത്തനംതിട്ട |
| റവന്യൂ ജില്ല | പത്തനംതിട്ട |
| ബി ആർ സി | കോഴഞ്ചേരി |
| സി ആർ സി | നാരങ്ങാനം |
| ഗ്രാമപഞ്ചായത്ത് | നാരങ്ങാനം |
| വാർഡ് / വാർഡ് നമ്പർ | IX കടമ്മനിട്ട |
| ബ്ലോക്ക് പഞ്ചായത്ത് | ഇലന്തൂർ |
| ജില്ലാ പഞ്ചായത്ത് | പത്തനംതിട്ട |
| താലൂക്ക് | കോഴഞ്ചേരി |
| വില്ലേജ് | ഇലന്തൂർ |
| നിയമസഭാമണ്ഡലം | ആറന്മുള |
| ലോകസഭാമണ്ഡലം | പത്തനംതിട്ട |
| ബ്ലോഗ് മാധ്യമങ്ങൾ | |

| സ്ഥാനം | പേര് | ഫോൺ നമ്പർ |
|---|---|---|
| പ്രിൻസിപ്പാൾ | ഗീതാകുമാരി പി ജി | 9446604828 |
| ഹെഡ്മിസ്ട്രസ് | ശ്രീലത ആർ | 9400200307 |
| പി ടി എ പ്രസിഡന്റ് | എൻ ജി ഷജികുമാർ | 9947029845 |
| എസ് എം സി ചെയർമാൻ | വി കെ പുരുഷോത്തമൻ പിള്ള | 9446604172 |
| | | |
| | | |

## 2025-26 സ്ഥിതി വിവരം

| തസ്തിക | എണ്ണം | തസ്തിക | എണ്ണം |
|---|---|---|---|
| പ്രിൻസിപ്പാൾ | 1 | എഫ് ടി സി എം | 1 |
| ഹെഡ്മിസ്ട്രസ് | 1 | പി ഇ ടി | 1 |
| എച്ച് എസ് ടി | 5 | കല | |
| യു പി എസ് ടി | 3 | പ്രവൃത്തിപരിചയം | 1 |
| ക്ലർക്ക് | 1 | കൗൺസിലർ | 1 |
| ഒ എ | 2 | CWSN പരിശീലക | 1 |

ആറാം പ്രവൃത്തി ദിവസം - കുട്ടികളുടെ സ്ഥിതി വിവരം

| ക്ലാസ് തിരിച്ച് | | | |
|---|---|---|---|
| Class | B | G | Total |
| V | 7 | 7 | 14 |
| VI | 4 | 5 | 9 |
| VII | 6 | 2 | 8 |
| VIII | 5 | 10 | 15 |
| IX | 4 | 8 | 12 |
| X | 11 | 6 | 17 |
| **Total** | **37** | **38** | **75** |
| | | | |
| | | | |
| | | | |
| | | | |

| Category | No. of Pupils | | | Remarks |
|---|---|---|---|---|
| | B | G | Total | |
| SC | 11 | 15 | 26 | |
| ST | 0 | 0 | 0 | |
| OBC | 8 | 8 | 16 | |
| OEC | | | | |
| Other Minority | 11 | 9 | 20 | |
| GEN/Other | 7 | 6 | 13 | |
| Total | 37 | 38 | 75 | |
| BPL | 27 | 27 | 54 | |
| English Medium | 11 | 23 | 34 | |
| Malayalam Medium | 26 | 15 | 41 | |
| CWSN | | | | |

**ക്ലബ്ബുകൾ**

പരിസ്ഥിതി ക്ലബ്
വിദ്യാരംഗം
പാഠനാടകവേദി
വിമുക്തി ക്ലബ്
സയൻസ് ക്ലബ്
ഗണിത ക്ലബ്
സാമൂഹ്യ ശാസ്ത്ര ക്ലബ്
IT ക്ലബ്

## പൊതുലക്ഷ്യങ്ങൾ .

അതിസാധാരണക്കാരായ ഗ്രാമീണരുടെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. അവർക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം നല്കി അവരുടെ കഴിവുകൾക്ക് പരമാവധി വികാസം ഉറപ്പാക്കുകയാണ് നമ്മുടെ പൊതുലക്ഷ്യം. അതോടൊപ്പം ശതാബ്ദി പിന്നിട്ട വിദ്യാലയത്തിന്റെ അന്തസ്സും പാരമ്പര്യവും പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യവുമുണ്ട്. അതിനായി ഈ വർഷം നടപ്പാക്കേണ്ടുന്ന പൊതുവായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

### അസംബ്ലി പ്രവർത്തനം കാര്യക്ഷമമാക്കൽ

പൊതുവിജ്ഞാനം, വിഷയജ്ഞാനം, സാമൂഹ്യപ്രതിബദ്ധത ഇവ വികസിപ്പിക്കാനും പ്രദർശിപ്പിക്കാനുമുള്ള വേദിയാക്കി ആഴ്ചയിൽ രണ്ടുദിവസം ക്ലാസ്സുകളുടെ ചുമതലയിൽ അസംബ്ലി നടത്തുക.
നിരന്തരവിലയിരുത്തലിന് അസംബ്ലിയിലെ പ്രകടനങ്ങൾകൂടി പരിഗണിച്ച് വർഷാന്ത്യത്തിൽ ഓരോ കുട്ടിക്കും ഗ്രേഡ് നല്കുക.

### ടാലന്റ് ലാബ് പ്രവർത്തനം

കരകൗശലവിദ്യ, യോഗ, ചൊൽക്കാഴ്ച, പച്ചക്കറികൃഷി എന്നീ മേഖലകളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിഞ്ഞ് വെവ്വേറെ വിഭാഗങ്ങളാക്കി മികച്ച പരിശീലനം നല്കുക. പാവനാടകക്കളരി, യോഗാ പഠനം, കവിതയരങ്ങ്, കൃഷിത്തോട്ട നിർമ്മാണം എന്നിവ ഇതിന്റെ ഭാഗമായി നടത്തുക. നവീകരിച്ച ഹാൾ ഇതിനായി പ്രയോജനപ്പെടുത്തണം.

### ലഹരിയെ തോല്പിക്കാൻ ലൈബ്രറി

ലഹരിയുടെ ഇരുളകറ്റാൻ വായനയുടെ വെളിച്ചം എന്ന ആശയം യാഥാർത്ഥ്യമാക്കിക്കൊണ്ട് എല്ലാദിവസവും അരമണിക്കൂർ 2. 'അമ്മവായന'യിലൂടെ രക്ഷിതാക്കളിലേക്ക് വായന വ്യാപിപ്പിക്കുക.
പ്രാദേശികവായനശാലയുമായി സഹകരിച്ച് പുസ്തകസംവാദങ്ങൾ സംഘടിപ്പിക്കുക

### പ്രാദേശികവിഭവങ്ങൾ പ്രയോജനപ്പെടുത്തൽ

കടമ്മനിട്ട ഗോത്രകലാകളരി, യുണൈറ്റഡ് സ്പോർട്സ് ക്ലബ്ബ്, കടമ്മനിട്ട രാമകൃഷ്ണൻ ഫൗണ്ടേഷൻ, കാവുംപ്രയു സമൃദ്ധി പൂർവവിദ്യാർത്ഥിസംഘം, കേരളകൂട്ടം ഗ്രാമസേവിനിഗ്രന്ഥശാല കടമ്മനിട്ട കലാവേദി എന്നീ സാംസ്കാരിക സംഘങ്ങളുടെ കൂട്ടായ്മയായി ഇവിടെ beamy 3 [illegible]. കട്ടയിൽ ഗ്രാമത്തിന്റെ തനത് വൈജ്ഞാനികരംഗങ്ങളും കുട്ടികൾക്ക് ഇതുവഴി നേടാനാകും

### നാട്ടുപൈതൃക മ്യൂസിയം

കടമ്മനിട്ടഗ്രാമത്തിന്റെയും വിദ്യാലയത്തിന്റെയും സാംസ്കാരിക പൈതൃകങ്ങളുടെ അടയാളങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നാട്ടുപൈതൃകമ്യൂസിയം സ്ഥാപിക്കണം. പടയണി, കടമ്മനിട്ടക്കവിതകളുടെ ദൃശ്യരേഖ, പൂർവികരുടെ ഫോട്ടോ ചിത്രങ്ങൾ, വിദ്യാലയത്തിലെ ആദ്യകാലരേഖകൾ

കാർഷികോപകരണങ്ങൾ മുതലായവ മ്യൂസിയത്തിൽ ക്രമീകരിക്കണം [ജില്ലാ പഞ്ചായത്ത് ധനസഹായം പ്രതീക്ഷിക്കുന്നു]

## സയൻസ് പാർക്ക്

കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താൻ സഹായകമായി അറിവും ആനന്ദവും നല്കുന്ന സയൻസ് പാർക്ക് ഉണ്ടാവണം. കുട്ടികൾക്ക് സ്വയം പ്രവർത്തിപ്പിക്കാനാകാവുന്ന ഉപകരണ ങ്ങൾ സജ്ജീകരിക്കണം.
[ബ്ലോ.പ/ എം. എൽ. എ ഫണ്ടുകൾ പ്രതീക്ഷിക്കുന്നു]

## സന്നദ്ധസേവാപ്രവർത്തനം

നിലവിൽ JRC യൂണിറ്റ് നമുക്കുണ്ട്. അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. സാമൂഹ്യപ്രതിബദ്ധത യോടെ പ്രവർത്തിക്കാൻ അവസരമൊരുക്കും. ദിനാചരണങ്ങളിലും സാമൂഹ്യബോധനത്തിലും മാതൃകാപരമായ ഇടപെടൽ ഉറപ്പാക്കും.

## വൈജ്ഞാനിക മികവ്

USS, NMMS പരിശീലനത്തിന് സ്കൂൾ സംവിധാനം ക്രമീകരിക്കും. അതിനു വേണ്ടി സായാഹ്ന/പ്രഭാതക്ലാസ്സുകൾ നടക്കും. വിവിധ മേളകളിൽ നമ്മുടെ കുട്ടികളെ സംസ്ഥാനതലം വരെ എത്തിക്കാനുള്ള മുന്നൊരുക്കങ്ങൾ ചെയ്യും.

## വിഷയാധിഷ്ഠിതലക്ഷ്യങ്ങൾ

I.

### ഭാഷാമികവ്

* മാതൃഭാഷ എഴുതാനും വായിക്കാനും വിവിധ വ്യവഹാര-രൂപങ്ങളിൽ ഉപയോഗിക്കാനുമുള്ള കഴിവ്
* കവിത കഥ നാടകം മുതലായ സാഹിത്യരൂപങ്ങൾ വായിച്ച് ആസ്വദിക്കാനും ചർച്ചചെയ്യാനുമുള്ള കഴിവ്
* രചനാവിഷയങ്ങളിൽ പങ്കെടുത്ത് പ്രതിഭതെളിയിക്കൽ
* വായനയിൽ അഭിരുചി മെച്ചപ്പെടുത്തൽ
* കാവ്യകേളി, ചൊൽക്കാഴ്ച എന്നീ കലാരൂപങ്ങളിൽ സവിശേഷ വൈദഗ്ധ്യം നേടൽ
* ഇംഗ്ലീഷിൽ സംഭാഷണം ചെയ്യാനുള്ള ശേഷി
* റോൾപ്ലേ, സ്കിറ്റ് മുതലായ രൂപങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം വർദ്ധിപ്പിക്കൽ
* ഹിന്ദിയിലും ഇംഗ്ലീഷിലും അസംബ്ലി സംഘടിപ്പിക്കൽ
* ഹിന്ദി കഥകൾ വിവർത്തനം ചെയ്യാനുള്ള ശേഷി
* സാഹിത്യസദസ്സിനെ കുറിച്ചുള്ള സാമാന്യധാ
* കൈയെഴുത്തുമാസികകൾ തയ്യാറാക്കാനുള്ളകഴിവ്
* സ്കൂൾ പത്രം തയ്യാറാക്കൽ

### II. ശാസ്ത്രമികവ്

* അന്വേഷണവും യുക്തിചിന്തയും വളർത്തിയെടുക്കുക
* ശാസ്ത്രതത്വങ്ങളുടെ അടിസ്ഥാനധാരണകൾ
* പഠിച്ചറിഞ്ഞതത്വങ്ങൾ അനുഭവപരിസരവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാനുള്ള ശേഷി
* ലാബും ലാബ് ഉപകരണങ്ങളും കൈകാര്യം ചെയ്യാനുള്ള നൈപുണി
* വിവിധ പ്രോജക്ട് പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ
* പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ലഘുപഠനം ആരോഗ്യസർവേ, എന്നിവ അടക്കമുള്ളതോട്ടം വിവിധ ബോധനപരിപാടികൾ )
* ശാസ്ത്രരംഗത്തെ വാർത്തകളും സംഭവങ്ങളും വിദ്യാലയ വേദികളിൽ അവതരിപ്പിക്കൽ
* പ്രതിമാസ ശാസ്ത്രബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ

### III. സാമൂഹ്യശാസ്ത്രമികവ്

* നാട്, ജില്ല, സംസ്ഥാനം, രാജ്യം, ലോകം എന്നിവയെ സംബന്ധിക്കുന്ന സാമാന്യധാരണ സ്വരൂപിക്കൽ
* ഭൂപടങ്ങളും ഗ്ലോബും ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കാനും വിശദീകരിക്കാനുമുള്ളകഴിവ്
* പൊതുവിജ്ഞാനം മെച്ചപ്പെടുത്തൽ
* പത്രവായന, വാർത്താശേഖരണം ആൽബം തയ്യാറാക്കൽ, ഇവയിലുള്ള നൈപുണി
* ജനാധിപത്യവും മതേതരത്വവും പരിശീലിപ്പിക്കൽ (ഗ്രാമസഭ സന്ദർശിക്കൽ)

* പ്രാദേശികചരിത്രരചനയിലൂടെ നാടിന്റെ ചരിത്രവും സംസ്കാരവും കണ്ടെത്തൽ
* വിദ്യാലയചരിത്രം ഡോക്യുമെന്ററി തയ്യാറാക്കൽ

## IV. ഗണിതമികവ്

* ചതുഷ്ക്രിയകളിൽ ശരിയായ ധാരണ നേടുക
* ഗണിത ധാരണകൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രയോഗസിദ്ധി നേടുക.
* "വിദ്യാലയം ഒരു ഗണിതലാബ്" എന്ന ആശയത്തിലൂടെ ഘനരൂപങ്ങൾ, അളവുകൾ കോണുകൾ ഇടങ്ങിയ ജ്യാമിതീയ ധാരണകൾ മെച്ചപ്പെടുത്തുക
* പൂക്കളം, ക്രിസ്മസ്സ്, സ്റ്റാർ, പടേനിക്കോലം മുതലായ സാമഗ്രികൾ ഗണിതയുക്തിയോടെ തയ്യാറാക്കാനുള്ള കഴിവ് നേടുക
* കേരളത്തിന്റെ ഗണിത പാരമ്പര്യം ഒരു പഠനവിഷയമാക്കി അവതരിപ്പിക്കുക
* വിദ്യാലയത്തിൽ ഒരു കൗതുകപ്പെട്ടി തയ്യാറാക്കി ആഴ്ചതോറും ഗണിത പസിലുകൾ പ്രദർശിപ്പിച്ച് ഉത്തരം കണ്ടെത്തുക
* ഓരോ ക്ലാസിലും മാത്സ് ചാമ്പ്യൻമാരെ കണ്ടെത്തുന്ന പ്രതിവാരമത്സരം സംഘടിപ്പിക്കുക

## V. സാങ്കേതികവിദ്യാ മികവ്

* ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക
* സാമൂഹ്യസേവനരംഗത്ത് കുട്ടികളുടെ സേവനങ്ങൾ രൂപപ്പെടുത്തുക (രക്തഗ്രൂപ്പ് ഡയറക്ടറി, വിവിധ സർക്കാർ സഹായങ്ങൾ സംബന്ധിച്ച ഡയറക്ടറി...)
* ലഹരിയ്ക്കെതിരെ ഒരു ഷോർട്ട്ഫിലിം

## VI. കലാമികവ്

* പ്രാദേശികവിഭവശേഷി പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ കലാഭിരുചികൾ വികസിപ്പിക്കുന്നതിന് പരിശ്രമിക്കും.
* വഞ്ചിപ്പാട്ട് കളരി
* തിരുവാതിരകളരി
* കാവ്യകേളിസംഘം
* നാടകക്കളരി
* ഈ നാല് മേഖലകളിൽ ഊന്നൽ നല്കും.

## VII. കായികമികവ്

* ഒരു സ്കൂൾ ഒരു ഗെയിം പദ്ധതിയിലൂടെ ഫുട് ബോൾ പരിശീലനം
* USC യുടെ സഹായത്തോടെ അവധിദിവസങ്ങളിൽ വോളിബോൾ പരിശീലനം
* ചെസ്സ്, കാരംസ് പരിശീലനം ഓരോക്ലാസിലും
* അസംബ്ലിയിൽ ആദ്യ പത്തുമിനിട്ട് വ്യായാമ പരിശീലനം / സുംബ ഡാൻസ്
* മാസത്തിൽ രണ്ട് പ്രത്യേകയോഗക്ലാസ്

## VIII. പ്രവൃത്തിപരിചയ മികവ്

* പാവനാടകസംഘം രൂപീകരിച്ച് വിവിധ വിഷയങ്ങളിൽ പാവനാടകം തയ്യാറാക്കൽ
* ഗോത്രകലാകളരിയുടെ സഹായത്തോടെ കോലമെഴുത്ത് പരിശീലനം
* ഇടക്കൊള്ളികൾ തയ്യാറാക്കി കൃഷിത്തോട്ടത്തിന് വേലിയൊരുക്കാൻ പരിശീലനം

## അക്കാദമിക് കലണ്ടർ സംക്ഷിപ്തം

| | |
|---|---|
| **ജൂൺ2025**<br><br>02. പ്രവേശനോത്സവം,<br>SRG മീറ്റിംഗ് പ്രവർത്തനാവിഷ്കരണം<br>05. പരിസ്ഥിതിദിനം<br>10. ആറാം പ്രവൃത്തിദിനം കണക്കെടുപ്പ്<br>19. വായനദിനം ക്ലാസ്സ് ലൈബ്രറി<br>23. യോഗ- ആരംഭം<br>26 ലഹരിവിരുദ്ധ ദിനാചരണം, ക്ലാസ് പി.ടി.എ<br>30 മൺസൂൺ വായനോത്സവം<br>കുട്ടികളുടെ ഉദ്ഘാടനം | **സെപ്തംബർ 2025**<br><br>08. രണ്ടാം പാദ ആരംഭം<br>15. ജനാധിപത്യദിനം<br>. ക്ലാസ് പി.ടി.എ<br>. വിദ്യാലയ സൗഹൃദവേദി രൂപീകരണം<br>. സ്കൂൾ കലോത്സവം<br>. സ്കൂൾ കായികമേള |
| **ജൂലൈ 2025**<br><br>04. SRC അക്കാദമിക് മാസ്റ്റർ പ്ലാൻ<br>08. ബഷീർ സ്മരണാഞ്ജലി<br>21. ചാന്ദ്രദിനം "ബഹിരാകാശത്തേക്ക്<br>26. യു.പി ഹൈസ്കൂൾ പ്രവൃത്തിദിനം<br>. SMC രൂപീകരണം<br>. കാർഷികശില്പശാല<br>. കഥകളിസെമിനാർ (8)<br>. USS പരിശീലനം ആരംഭം<br>. ഹിന്ദി അസംബ്ലി | **ഒക്ടോബർ 2025**<br>03. സേവനദിനാചരണം<br><br>04. ഹൈസ്കൂൾ പ്രവൃത്തിദിനം<br><br>25. യു.പി ഹൈസ്കൂൾ പ്രവൃത്തിദിനം<br>. കാവ്യകേളി സംഘം രൂപീകരണം<br>. സ്കൂൾതല മേളകൾ<br>. കലാപരിശീലനം |
| **ആഗസ്റ്റ് 2025**<br><br>06. ഹിരോഷിമ ദിനം<br>15. സ്വാതന്ത്ര്യ ദിനം<br>16. ഹൈസ്കൂൾ പ്രവൃത്തിദിനം<br>18. പുതുവർഷ പുലരി<br>കൈയെഴുത്തുമാസിക പ്രകാശനം<br><br>18-29 ഒന്നാം പാദമൂല്യനിർണയം<br>. കാർഷികശില്പശാല<br>. എന്റെ അടുക്കളത്തോട്ടം<br>27 . ഓണാഘോഷം | **നവംബർ 2025**<br>03. കേരളപ്പിറവി പ്രാർഥന<br><br>14. ശിശുദിനാഘോഷം<br><br>26. ഭരണഘടനാദിനം<br>. പ്രാദേശികചരിത്രരചന<br>. ആരോഗ്യസർവേ<br>. നാടകക്കളരി |

| ഡിസംബർ 2025 | മാർച്ച് 2026 |
| --- | --- |
| 1. ലോക എയ്ഡ്സ് ദിനം<br>3. ലോക ഭിന്നശേഷിദിനം<br>11- 19 രണ്ടാം പാദവാർഷികം മൂല്യനിർണയം<br>29. സ്കൂൾ തുറക്കൽ<br>. പഠനയാത്ര | . വാർഷികമൂല്യനിർണയം<br>. പ്രവർത്തനങ്ങൾ വിലയിരുത്തൽ SRG<br>. ഫിനിഷിംഗ് സ്കൂൾ സന്ദർശനം -വിദ്യാഭ്യാസസംവാദം - |
| **ജനുവരി 2026** | **ഏപ്രിൽ 2026** |
| 03 ഹൈസ്കൂൾ പ്രവൃത്തിദിനം<br>26. റിപ്പബ്ലിക് ദിനം<br>30. രക്തസാക്ഷി ദിനം<br>സർവ്വമതപ്രാർത്ഥന<br>31. . ഹൈസ്കൂൾ പ്രവൃത്തിദിനം<br>. കഥകളി ആസ്വാദനക്കളരി<br>. ക്ലാസ് പി ടി എ | . മധ്യവേനലവധി<br>. പ്രമോഷൻ ലിസ്റ്റ് തയ്യാറാക്കൽ<br>. ഭവനസന്ദർശനം<br>. [illegible]<br>. വായന വീട്ടിലേക്ക് "പുസ്തകവണ്ടി" |
| **ഫെബ്രുവരി 2026** | **മെയ് 2026** |
| 20. അന്തർദേശീയ മാതൃഭാഷാ ദിനാഘോഷം<br>. സ്കൂൾ വാർഷികം<br>. പഠനോത്സവം<br>. മികവുകൾ നാട്ടരങ്ങിൽ<br>. മോഡൽ പരീക്ഷ | . മധ്യവേനലവധി<br>. പരീക്ഷാഫലം പ്രസിദ്ധീകരിക്കൽ<br>. അഡ്മിഷൻ പ്രവർത്തനങ്ങൾ<br>. "വേനൽക്കൂട്ട് അവധിക്കാലക്കളരി"<br>. SRG യോഗം<br>. പുതിയ വർഷത്തെ പ്രവർത്തന പ്രവർ<br>ത്താസൂത്രണം |

# ഉപസംഹാരം

വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനായി തയ്യാറാക്കിയിട്ടുള്ള ഈ മാസ്റ്റർപ്ലാൻ കൃത്യതയോടെ നടപ്പാക്കിക്കൊണ്ട് ഓരോ കുട്ടിയുടെയും പരമാവധി വികാസം സാധ്യമാക്കണം. അതുവഴി വിദ്യാലയത്തിന്റെ താല്ക്കാലിക പ്രതിസന്ധികൾ തരണം ചെയ്ത് ഗതകാലപ്രൗഢികൾ വീണ്ടെടുക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കാം .

ഈ ആസൂത്രണത്തിന്റെ ശരിയായ നിർവഹണം ഉറപ്പുവരുത്തുന്നതിനായി SRG കൺവീനർ, യു.പി, എച്ച് എസ് സീനിയർ അധ്യാപകർ എന്നിവരെ മൂന്നംഗ മോണിറ്ററിംഗ് സമിതി പ്രധാനാധ്യാപികയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കും

എസ് ആർ ജി യോഗങ്ങളിൽ ഇതിന്റെ റിപ്പോർട്ടിംഗും വിലയിരുത്തലും ഉണ്ടായിരിക്കും.

കടമ്മനിട്ട ഒപ്പ്

07.07.2025

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
## ജി. എച്ച്. എസ്. എസ് കടമ്മനിട്ട

### ഗണിതം
### എച്ച് എസ് വിഭാഗം

| മാസം | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| ജൂൺ | കുട്ടികളുടെ മുന്നറിവ് പരിശോധന<br><br>കുട്ടികൾക്ക് ഗണിതത്തോടെ താൽപര്യമുണ്ടാക്കുക<br><br>ജിയോജിബ്ര, AI തുടങ്ങിയ സങ്കേതങ്ങൾ കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക | കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിനുള്ള ടെസ്റ്റ് നടത്തുന്നു ഈ ടെസ്റ്റിന് പ്രത്യേകം ചോദ്യങ്ങൾ തയ്യാറാക്കുന്നു തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നേതൃത്വത്തിൽ പരിഹാരബോധന പ്രക്രിയ നടത്തുന്നു .<br>ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു ഒരു വർഷത്തേക്ക് വേണ്ട പ്ലാൻ തയ്യാറാക്കുന്നു.<br><br>ജ്യാമിതീയ രൂപങ്ങൾ അളവുകൾ ബന്ധങ്ങൾ ഇവ മനസ്സിലാക്കുന്നതിന് ജിയോജിബ്ര സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുകയും പാഠ വിഭവങ്ങൾ സ്വയം തയ്യാറാക്കുകയും ചെയ്യുന്നു. അനുയോജ്യമായ ചോദ്യങ്ങൾ അധ്യാപകർ തയ്യാറാക്കുന്നു | ഗണിത അധ്യാപകർ | ഒന്ന് ആഴ്ച<br><br>ഒരാഴ്ച<br><br>ഒരു മാസം | |
| | ജ്യാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് നേടുക | ജ്യാമിതി പെട്ടിയിലെ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ജ്യാമിതീയ പാറ്റേണുകൾ നിർമ്മിക്കുക | | ഒരു മാസം | |

| | | | | | | |
|---|---|---|---|---|---|---|
| ജൂലൈ | ഗണിതത്തിന്റെ ചരിത്രം അറിയുക<br><br>ഭാരതീയ ഗണിത സമ്പ്രദായം ഉൾക്കൊണ്ടുകൊണ്ട് ഗവേഷണ പ്രോജക്റ്റുകൾ തയ്യാറാക്കുക | ഗണിത ക്ലബ്ബിന്റെ പ്രവർത്തന ഭാഗമായി സംഖ്യകളുടെ വളർച്ച ചർച്ച ചെയ്യുന്നു. അതിൽ തന്നെ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത സെമിനാറുകൾ നടത്തുന്നു.<br><br>8 9 10 ക്ലാസ്സുകാർ തങ്ങളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട ഗവേഷണാത്മക പ്രോജക്റ്റുകൾ തയ്യാറാക്കുന്നു.<br><br>പൈ ദിനം ആചരിക്കുന്നു | | രണ്ട് ആഴ്ച<br><br>ഒരു മാസം | | |
| ഓഗസ്റ്റ് | പ്രായോഗിക ഗണിതത്തെ പറ്റി അറിയുക.<br><br>ഒന്നാം പാദവാർഷിക പരീക്ഷയ്ക്ക് തയ്യാറാക്കൽ | പണവിനിമയം എന്ന പാഠഭാഗത്തെ ആസ്പദമാക്കി നാടകം, കഥ, കാർട്ടൂൺ എന്നിവ തയ്യാറാക്കുന്നു. ധനകാര്യ സ്ഥാപനങ്ങൾ സന്ദർശിക്കുക അവിടുത്തെ പ്രവർത്തനങ്ങൾ മനസ്സിലാക്കുക കടക്കെണി എങ്ങനെ ഉണ്ടാകുന്നു എന്ന് മനസ്സിലാക്കുക. ബഡ്ജറ്റ് തയ്യാറാക്കുക പതിപ്പ് തയ്യാറാക്കുക<br><br>ഗണിത ക്ലബ്ബിന്റെ ഭാഗമായി കടംകഥകൾ നിർമ്മിച്ച പതിപ്പ് തയ്യാറാക്കുന്നു | | | | |

| | | | | | |
|---|---|---|---|---|---|
| സെപ്റ്റംബർ | ബീജ ഗണിതത്തിന്റെ വളർച്ച<br><br>ഗണിത ശാസ്ത്രജ്ഞരെ അറിയുക | 6,7,8 പാഠപുസ്തകങ്ങളെ ആസ്പദമാക്കി ബീജഗണിതത്തിനുണ്ടായ വളർച്ച ഗണിത ക്ലബ്ബിൽ ചർച്ച ചെയ്യുന്നു. പ്രശസ്തരായ ഗണിത ശാസ്ത്രജ്ഞർ ബീജഗണിതത്തിന്റെ വളർച്ചയ്ക്ക് നൽകിയ സംഭാവന സെമിനാറായി അവതരിപ്പിക്കുന്നു | | | |
| ഒക്ടോബർ | ഗണിതശാസ്ത്രമേളയുടെ പ്രാധാന്യം അറിയുക ഗണിതശാസ്ത്രമേളയ്ക്കായി കുട്ടികളെ തയ്യാറാക്കുക | ഗണിതശാസ്ത്രമേളയുടെ ഓരോ വിഭാഗവും കുട്ടികളെ പരിചയപ്പെടുത്തുന്നു. പ്രാധാന്യം ബോധ്യപ്പെടുത്തുന്നു.<br><br>സ്കൂൾതല ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു.<br><br>ഗണിതോത്സവം സംഘടിപ്പിക്കുന്നു | | ഒരു ദിവസം<br><br>ഒരു ആഴ്ച | 2000 |
| നവംബർ | ഗണിതം നിത്യജീവിതത്തിൽ പ്രയോഗിക്കപ്പെടുന്ന സന്ദർഭങ്ങൾ അറിയുക<br><br>. | ജ്യാമിതീയ അളവുകൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനായി പ്രായോഗിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു. നിർമ്മാണ മേഖലകളിൽ ഉപയോഗിക്കുന്ന ഗണിതം മനസ്സിലാക്കുന്നതിനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു | | | 2500<br><br>1000 |
| ഡിസം | രണ്ടാം പാദ വാർഷിക പരീക്ഷയ്ക്കായി കുട്ടികളെ തയ്യാറാക്കുക | രണ്ടാം പാദവാർഷിക പരീക്ഷയ്ക്കായി കുട്ടികളെ ഒരുക്കുന്നതിനായി പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുന്നു. | | | |

| | | | | | | |
|---|---|---|---|---|---|---|
| ബര്‍ | | പ്രശ്നങ്ങളെ എങ്ങനെ അപഗ്രഥിച്ച് പരിഹരിക്കാം എന്നതിന് വേണ്ട പരിശീലനങ്ങള്‍ നല്‍കുന്നു.<br><br>അന്താരാഷ്ട്ര ഗണിതശാസ്ത്ര ദിനം ആചരിക്കുന്നു | | | | |
| ജനുവരി | പത്താം ക്ലാസ് കുട്ടികള്‍ക്ക് പരീക്ഷാ പരിശീലനം നല്‍കുന്നു.<br><br>അങ്കഗണിതം ബീജഗണിതം ജ്യാമിതി ഇവയുടെ ബന്ധത്തെ അറിയുക | പത്താം ക്ലാസുകാര്‍ക്ക് പരിഗണന ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നല്‍കുന്നു.<br><br>8 9 ക്ലാസിലെ കുട്ടികളെ ബീജഗണിതം ജ്യാമിതി അങ്കഗണിതം തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാന്‍ ഉതകുന്ന പ്രവര്‍ത്തനങ്ങള്‍ നല്‍കുന്നു<br><br>പതിപ്പ് തയ്യാറാക്കുന്നു | | ഒരു മാസം<br><br>ഒരു മാസം | |

| | | | | | |
|---|---|---|---|---|---|
| ഫെബ്രുവരി | പത്താം ക്ലാസിലെ കുട്ടികളെ പൊതു പരീക്ഷയ്ക്ക് തയ്യാറാക്കൽ<br><br>നിത്യജീവിതത്തിലെ ഗണിതം മനസ്സിലാക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുക | പരീക്ഷാ പരിശീലനം<br><br>കച്ചവട ഗണിതം, മനസ്സിലാക്കുന്നതിന് കാർണിവൽ സംഘടിപ്പിക്കുന്നു | | | 2000 |
| മാർച്ച് | പരീക്ഷ പരിശീലനം | പരീക്ഷയ്ക്ക് വേണ്ടി കുട്ടികളെ തയ്യാറാക്കുന്നു. | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി 2025 - 2026

വിദ്യാലയത്തിന്റെ പേര് : ഗവ. ഹയർസെക്കന്ററി സ്കൂൾ കടമ്മനിട്ട
വിഭാഗം : യു.പി
വിഷയം : മലയാളം

### അവസ്ഥാ വിശകലനം

സ്കൂൾ ലൈബ്രറിയിൽ നിന്ന് കലാസാഹിത്യകൃതികൾ എടുത്ത് ക്ലാസിൽ കുട്ടികൾക്ക് വായിക്കാൻ കൊടുക്കുന്നു. പുസ്തക വായനയുടെ ആസ്വാദന തലങ്ങൾ പരിചയപ്പെടുന്നു. (ഉച്ചാരണ ശുദ്ധി, ഒഴുക്ക്, ആസ്വദിച്ച് വായിക്കാനുള്ള കഴിവ്, കഥാകഥനത്തിനുള്ള കഴിവ്) കഥാവതരണത്തിന് ഗ്രേഡ് നൽകുന്നു. ഗ്രേഡുകൾ വിലയിരുത്തുന്നു.

| വിലയിരുത്തൽ ഘടകം | മെച്ചം | ശരാശരി | ശരാശരിയിൽ താഴെ |
|---|---|---|---|
| ഉച്ചാരണ ശുദ്ധി | 35% | 50% | 15% |
| കഥാവിഷ്കരണം | 30% | 40% | 30% |
| ഒഴുക്ക് | 40% | 40% | 20% |
| ശബ്ദം | 50% | 35% | 15% |

വിശകലനത്തിന്റെ വെളിച്ചത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നു
വിവിധ ഘട്ടങ്ങളിലുള്ളവരെ ശ്രേണികളാക്കുന്നു.

മേഖല : സാഹിത്യാഭിരുചി വികാസം, വായന മെച്ചപ്പെടുത്തൽ

പ്രതീക്ഷിത നേട്ടങ്ങൾ

1. ഉച്ചാരണത്തിലെ പാകപ്പിഴകൾ പരിഹരിക്കുന്നു.
2. വായനയുടെ ഉയർന്ന തലത്തിലേക്ക് എത്തുന്നു.
3. സാഹിത്യാഭിരുചി വർദ്ധിക്കുന്നു.
4. സാഹിത്യ സൃഷ്ടികൾ നടത്താനുള്ള പ്രേരണ സൃഷ്ടിക്കുന്നു.

| ക്രമ സംഖ്യ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല | ചെലവ് | മോണിട്ടറിങ് |
|---|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാനശേഷി വികാസം | ഓണ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂലൈ | മലയാളം അധ്യാപകൻ | | |
| 2. | വാർത്താലോകത്തേക്ക് വാർത്താവായന | വാർത്താവായന<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | ആഗസ്റ്റ് | മലയാളം അധ്യാപകൻ | | |
| 3. | ഭാഷാകേളി | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | സെപ്റ്റംബർ | മലയാളം അധ്യാപകൻ | | |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല | ചെലവ് | മോണിറ്ററിങ് രീതി |
|---|---|---|---|---|---|
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക് വർഷം | മലയാളം അധ്യാപകർ | | |
| കഥാവായന | ക്ലാസ് ലൈബ്രറിയിൽ നിന്ന് കഥാപുസ്തകങ്ങൾ എടുക്കുന്നു. കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. കഥാപരിചയം നടത്തുന്നു. കഥാകൃത്തി-നെയും അദ്ദേഹത്തിന്റെ മറ്റ് കൃതികളും പരിചയപ്പെടുന്നു.<br>കഥ നടന്ന കാലഘട്ടത്തെ കുറിച്ചുള്ള ആശയം കുട്ടിക്ക് കിട്ടുന്നു.<br>മെച്ചപ്പെടുത്തി വായിച്ചവ റെക്കോർഡ് ചെയ്ത് കേൾക്കുന്നു.<br>വായനയുടെ സൂക്ഷ്മതാളം, ഭാവം ഉൾപ്പാലിച്ച് വായിക്കുന്നു. | ഒക്ടോബർ | മലയാളം അധ്യാപകർ | | |

# Academic Master Plan
## 2025-26

Name of the school : G.H.S.S. Kadammanitta

Section : UP.

Subject : English.

Objectives : Communicative skill.

Developing confidence.

To make students an effecient organizer.

To develop vocabulary.

Cursive writing

To develop knowledge about authors and their works.

| Objectives | Activities | Time period | Expense | Organizer | Monitoring. |
|---|---|---|---|---|---|
| 1) By giving the students exposure to the language they are able to communicate in english. | • Reading newspapers will make the students in development of their vocabulary [class, 5, 6, 7].<br>• Promote critical thinking<br>• Build global awareness. Class - 7.<br>• Conducting english classes only in english medium. [class 5, 6, 7]. | Course time | 150/- | English teacher | HM PTA. |
| 2) To develop skill to hear and communicate in english language easily. | Lend you ear : Giving chances for the students to hear recorded english stories, speaches etc. Asking questions about them and allowing them to give the answer in English language only (Class - 6, 7) | First term | 100/- | English teacher | HM, PTA, SRG convenor. |

| Objectives | Activities | Time period | Expense | Organizer | Monitoring |
| --- | --- | --- | --- | --- | --- |
| To develop basic Grammar rules. | Improve sentence structure [Class - 6]<br>Practice for simple creative writing tasks like descriptive paragraphs, short stories and simple poetry [class - 7]. | January to February | Nil | English teacher. | HM, SRG convenor. |
| Language Games, puzzles and activities. | Integrate language games and activities to reinforce vocabulary, grammar and language skills in an engaging way. [Class 6, 7]. | Through out the year. | Nil | English teacher | HM, SRG convenor. |
| | To create their own poems, stories dictionary etc and present it to the class. | Through out the year | | English teacher. | HM, SRG convenor. |

## അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി 2025 - 2026

വിദ്യാലയത്തിന്റെ പേര് : ഗവ. ഹയർസെക്കന്ററി സ്കൂൾ കടമനിട്ട

വിഭാഗം : യു. പി

വിഷയം : സാമൂഹ്യ ശാസ്ത്രം

അവസ്ഥാ വിശകലനം : സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചരിത്ര-സംഭവങ്ങളും സ്വാതന്ത്ര്യസമര സേനാനികളെയും പട്ടികപ്പെടുത്തുന്നു. ഒരു കുട്ടി എന്ന നിലയിൽ വിവരങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കാൻ ഓരോ ക്ലാസിലെയും കുട്ടികളോട് ആവശ്യപ്പെടുന്നു. അവതരണത്തിന് ഗ്രേഡ് നൽകുന്നു. ഗ്രേഡുകൾ വിലയിരുത്തുന്നു.

മേഖല : ചരിത്രസംഭവങ്ങൾ, സ്വാതന്ത്ര്യസമര സേനാനികൾ

പ്രവർത്തന പരിപാടിയുടെ പേര് : സ്വാതന്ത്ര്യസമര സേനാനികളും ചരിത്ര സംഭവങ്ങളും.

പ്രതീക്ഷിത നേട്ടങ്ങൾ : * ചരിത്ര പഠനത്തിന് പ്രാധാന്യവും താല്പര്യവും വർദ്ധിപ്പിക്കുന്നു.

* സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.

* കുട്ടികളിൽ ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
* പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്നു.
* കുട്ടികളിൽ വായനാശീലം വളർത്തുന്നു.
* ശാസ്ത്രബോധം വളർത്തുന്നു.
* കാലക്രമബോധം സൃഷ്ടിക്കുന്നു.
* പത്രമാധ്യമങ്ങൾ, ഇന്റർനെറ്റ് എന്നിവ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനും ICT യുടെ സഹായത്തോടെ അവതരണം നടത്തുന്നതിന കുട്ടികൾക്ക് കഴിയുന്നു

| വിലയിരുത്തൽ ഘടകം | മെച്ചം | ശരാശരി | ശരാശരിയിൽ താഴെ |
|---|---|---|---|
| വിഷയത്തോടുള്ള സമീപനം | 20% | 40% | 40%. |
| അവതരണ ശൈലി | 25% | 25% | 50%. |

വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നു. നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

| ക്രമ സംഖ്യ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല | ചെലവ് | മോണിട്ടറിങ് രീതി |
|---|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 2. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip:<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് ജനങ്ങളിലേക്ക്<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |

| ക്രമ സംഖ്യ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല | ചെലവ് | മോണിറ്ററിംഗ് രീതി |
|---|---|---|---|---|---|---|
| | | പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | | | | |
| 4. | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക്<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |

- വിദ്യാലയത്തിന്റെ പേര് : ഗവ. എച്ച്. എസ്. എസ്. കടമ്മനിട്ട.
- വിഭാഗം : UP.
- വിഷയം : ഗണിതം
- അടിസ്ഥാന വിശകലനം : ചതുഷ്ക്രിയയുടെ ഭാഗമായ സങ്കലനം, വ്യവകലനം, ഗുണന പട്ടിക, ഹരണം, ജ്യാമിതീയ രൂപങ്ങൾ
- മേഖല : സങ്കലനം, ഗണിത പട്ടിക
- പ്രതീക്ഷിത നേട്ടങ്ങൾ :
  - അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു.
  - 1 മുതൽ 10000000 വരെ സംഖ്യകൾ എഴുതുന്നതിനും വായിക്കുന്നതിനും കഴിവ് നേടുന്നു.
  - 1 മുതൽ 12 വരെയുള്ള പട്ടിക ഉറപ്പാക്കുന്നു.
  - ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിനുള്ള കഴിവ് ഉറപ്പു വരുത്തുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | ചിലവ് | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ▲ ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കുന്നു, പിന്നോക്കാവസ്ഥ പരിഹരിക്കുന്നു. | • ഗണിത പഠനം ലളിതവും രസകരവുമാക്കുക. • കളികളിലൂടെ പഠനത്തിന് മുൻതൂക്കം നൽകുന്നു. • ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി പഠനം ലളിതവും ആസ്വാദ്യകരവുമാക്കുക. | ഒരു പാഠ്യവർഷം | ഗണിതാധ്യാപിക | | HM PTA |
| ▲ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. | • കാർഡ് ബോർഡും വർണ്ണപേപ്പറും, ഈർക്കിൽ, വെള്ളയ്ക്ക ഉപയോഗിച്ച് വിവിധ ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കുന്നു. | ആവശ്യാനുസരണം | ഗണിതാധ്യാപിക | 250/- | HM SRG convenor. |
| ▲ സങ്കലനം ഉറപ്പിക്കൽ | കാർഡും മഞ്ചാടിക്കുരുവും<br>കുട്ടികളുടെ ക്ലാസനുസരിച്ച് സംഖ്യകളെഴുതിയ കാർഡുകൾ നൽകുന്നു. കാർഡിലെഴുതിയ അത്രയും മഞ്ചാടിക്കുരുക്കൾ എടുക്കുന്നു. തുക അത് എണ്ണി പറയുന്നു. | ഒരു മാസം | ഗണിതാധ്യാപിക | 100/- | HM |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | ചിലവ് | മോണിറ്ററിംഗ്. |
|---|---|---|---|---|---|
| വ്യവകലനം ഉറപ്പിക്കുക. | മിഠായിക്കൂട്ടം<br>രണ്ടു വരികളായി മിഠായി കൂട്ടമായി വയ്ക്കുന്നു. രണ്ടാമത്തെ വരിയിലെ ഓരോ കൂട്ടത്തിലെ മിഠായിയോട് എത്ര കൂട്ടിയാൽ ആദ്യത്തെ വരിയിലെ മിഠായിക്കൂട്ടം കിട്ടും. ആദ്യത്തെ വരിയിലെ സംഖ്യയിൽ നിന്ന് രണ്ടാമത്തെ വരിയിലെ സംഖ്യയുടെ വ്യത്യാസം എന്താണെന്ന് കണ്ടുപിടിക്കുന്നു. | 1 മാസം | ഗണിതാധ്യാപിക സഹപാഠികൾ. | 150/- | HM<br>SRG convenor. |
| ഗുണനം ഉറപ്പിക്കൽ | മുത്തുകൊണ്ടൊരു കളി.<br>കുട്ടികളെ ഗ്രൂപ്പാക്കുന്നു. അവർക്ക് മുത്തുകൾ നൽകുന്നു ഓരോ ഗ്രൂപ്പിനും എത്ര മുത്തുകൾ കിട്ടിയെന്ന് കണ്ടെത്തുന്നു. ആവർത്തന സങ്കലനമാണ് ഗുണനമെന്ന് കണ്ടെത്തുന്നു. | ഒരാഴ്ച | ഗണിതാധ്യാപിക | 200/- | HM,<br>SRG convenor. |

| | | | | | |
|---|---|---|---|---|---|
| 4 ഹരണം ഉറപ്പിക്കൽ | മുത്തുകൾ<br>കുറെ മുത്തുകൾ വയ്ക്കുന്നു. അതിൽ നിന്ന് 10 വീതം എടുത്ത് ഓരോ കുട്ടിയ്ക്കും കൊടുത്താൽ എത്ര കുട്ടികൾക്ക് കൊടുക്കാൻ കഴിയും?. ഇതേ രീതിയിൽ വ്യത്യസ്ത എണ്ണം വച്ച് ചെയ്യിക്കുക. തുടർന്ന് ആകെ മുത്തുകൾ, ഓരോ കുട്ടിയ്ക്കും കൊടുത്ത മുത്തുകളുടെ എണ്ണം, മുത്തുകൾ കിട്ടിയ കുട്ടികളുടെ എണ്ണം ഇവ തമ്മിൽ താരതമ്യം ചെയ്യുന്നു. | 1 മാസം | ഗണിതാധ്യാപിക | 250/- | HM<br>SRG convenor |
| 4 പട്ടിക ഉറപ്പിക്കൽ | ഗണിതക്വിസ്<br>പട്ടികയുടെ അടിസ്ഥാനത്തിൽ ഗണിതക്വിസ് നടത്തി സമ്മാനങ്ങൾ നൽകുന്നു. ചാർട്ടിൽ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | 1 period | ഗണിതാധ്യാപിക | 50/- | HM, SRG Convenor. |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | ചിലവ് | മോണിറ്ററിംഗ്. |
|---|---|---|---|---|---|
| ഗണിത മാസിക തയ്യാറാക്കൽ. | അക്കങ്ങൾ കൊണ്ട് ചിത്രങ്ങൾ വരയ്ക്കുകയും, ഗണിത പാറ്റേണുകൾ, number chart, ഗണിതപ്രശ്നോത്തരി, magic square sudoku, തുടങ്ങിയ ഗണിതത്തോട് ഇഷ്ടം തോന്നുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ഗണിതമാസിക തയ്യാറാക്കുന്നു. Class 5, 6, 7. | October | ഗണിതാധ്യാപിക | 1000/- | HM, SRG Convenor, PTA. |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

വിദ്യാലയത്തിന്റെ പേര് : ഗവ. എച്ച്. എസ്. എസ് കടമ്പനിട്ട

വിഭാഗം : ഹൈസ്കൂൾ

വിഷയം : ശാസ്ത്രം

അവസ്ഥ വിശകലനം : ശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടൽ, ശാസ്ത്ര ആൽബം തയ്യാറാക്കൽ, ശാസ്ത്ര ക്വിസ്, ശാസ്ത്രോത്സവം, അനുബന്ധ ഉപകരണ നിർമ്മാണം.

| വിലയിരുത്തൽ ഘടകം | മികച്ചത് | ശരാശരി | ശരാശരിയിൽ താഴെ. |
|---|---|---|---|
| വിഷയത്തോടുള്ള സമീപനം | 30% | 40% | 30% |
| അവതരണ ശൈലി | 25% | 45% | 30% |

വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ശരാശരിയിൽ താഴെ നിൽക്കുന്നവരെ കണ്ടെത്തി മെച്ചപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

മേഖല : ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ, ശാസ്ത്ര ദിനാചരണം, ശാസ്ത്ര ആൽബം, ശാസ്ത്ര ക്വിസ്.

പ്രതീക്ഷിത നേട്ടങ്ങൾ :- ശാസ്ത്ര ചിന്ത വളർത്തുക, ശാസ്ത്ര താല്പര്യം ഉണ്ടാക്കുക. മാനസികമായ സന്തോഷം നേടുന്നു, സാങ്കേതിക പുരോഗതിയിൽ ശാസ്ത്രം വഹിച്ച പങ്ക് തിരിച്ചറിയുന്നതിന് ശാസ്ത്രത്തിന്റെ നന്മതിന്മകളും പ്രയോജനങ്ങളും തിരിച്ചറിയുന്നു. പ്രശസ്തരായ ശാസ്ത്രജ്ഞൻമാരുടെ നേട്ടവും പ്രവർത്തന മേഖലയും മനസ്സിലാക്കുന്നു. ദൈനംദിന ജീവിതവുമായി ഇവയെ ബന്ധപ്പെടുത്തുന്നു.

| ക്രമനമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലയളവ് | ചെലവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1. | ശാസ്ത്രജ്ഞൻമാരുടെ ആൽബം തയ്യാറാക്കൽ | ഓരോ ശാസ്ത്രജ്ഞൻമാരുടെ കണ്ടുപിടിത്തങ്ങൾ എഴുതി വിവര ശേഖരണം. (Std VIII) | ഒരു മാസം | 200 രൂപ | സയൻസ് ടീച്ചർ | HM<br>SRG Convener |

| ക്രമനമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലയളവ് | ചെലവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 2. | സയൻസ് ക്വിസ് | നോട്ടീസ് ബോർഡിൽ ശാസ്ത്ര പുരോഗതി സംബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കുകയും ശാസ്ത്രജ്ഞരുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. സയൻസ് ക്വിസ് നടത്തി വിജയികളെ കണ്ടെത്തുന്നു (Std X) | ശാസ്ത്ര പ്രധാന ദിവസങ്ങളിൽ | 500 | Science Tr | SRG HM |
| 3. | സയൻസ് ലബോറട്ടറി ക്രമീകരണം. | അത്യാവശ്യം വേണ്ട പഠനസാമഗ്രികൾ ക്രമീകരിച്ച് ലബോറട്ടറി വിപുലീകരിക്കൽ (Std IX) | ജൂൺ | | Science Tr. | SRG Convener HM. |
| 4. | ശാസ്ത്ര ദിനാചരണങ്ങൾ | ശാസ്ത്രപുരോഗതി സംബന്ധപ്പെട്ട് പ്രധാനപ്പെട്ട ദിനങ്ങൾ കണ്ടെത്തുന്നു. ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ നടത്തുന്നു. (All classes) | 2025-26 yr | | | |

| നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലയളവ് | ചെലവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 4. | ശാസ്ത്രോത്സവം | ശാസ്ത്ര പരീക്ഷണങ്ങൾക്കായി ഏകദിന ശാസ്ത്ര മേള നടത്തുന്നു. മികവ് പുലർത്തുന്നവരെ സബ്ജില്ലാ മേളകളിൽ പങ്കെടുപ്പിക്കുന്നു. (All classes) | ഒക്ടോബർ | | Science Tr. | SRG Convener HM. |
| 5 | ജൈവകൃഷി തോട്ട നിർമ്മാണം - ഏകദിന കാർഷിക ശില്പശാല | വിത്തുകൾ ശേഖരിക്കൽ സ്ഥലം തയ്യാറാക്കൽ കൃഷിയിറക്കൽ വിളവെടുപ്പ് പ്രദർശനം. (Std VIII & IX) | ജൂൺ - ഫെബ്രുവരി | | | |
| 6. | ചാന്ദ്രദിനാഘോഷം. | [illegible] തയ്യാറാക്കുന്നു. ബഹിരാകാശ സഞ്ചാരികളായ [illegible] (All classes) | ജൂലൈ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ഹിന്ദി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എച്ച്. എസ്. എസ് കടമ്പനിട്ട |
| വിഭാഗം | : | യു പി , ഹൈസ്കൂൾ |
| വിഷയം | : | ഹിന്ദി |
| അവസ്ഥ വിശകലനം | : | ഹിന്ദി വായന (യു പി)<br>ഹിന്ദി അസംബ്ലി<br>ഹിന്ദി മത്സരങ്ങൾ<br>ഹിന്ദി വിവർത്തനം (മലയാളത്തിലേക്ക്) |
| പ്രതീക്ഷിത നേട്ടങ്ങൾ | : | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | ചുമതല | ഭൗതികം |
| --- | --- | --- | --- | --- |
| ഹിന്ദി എഴുത്ത് | കോപ്പി ബുക്ക് നിത്യജീവിതവുമായി ബന്ധപ്പെട്ട വാക്കുകളുടെ ഹിന്ദി ഉൾപ്പെടുത്താം. പ്രേംചന്ദിന്റെ കഥകൾ ഹിന്ദിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യാം ഹിന്ദിയിലുള്ള ചെറിയ കഥകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നു. | August September | ടീച്ചർ | പാഠപുസ്തകം ലൈബ്രറി ബുക്ക്. ICT |
| വീട് ഒരു പരീക്ഷണശാല | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ ഹിന്ദി പട്ടിക തയ്യാറാക്കി ഒരു ഡിക്ഷ്നറി തയ്യാറാക്കാം | September October | ടീച്ചർ | പാഠപുസ്തകം ICT |

| | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 5 | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാം | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ (ജൂലൈ 31, സെപ്റ്റം 14 ഒക്ടോ 2) ക്ലാസ് ലൈബ്രറി അധികവായനക്കായി ഹിന്ദിബുക്ക് ഉൾപ്പെടുത്താം. | July to October | ടീച്ചർ | പാഠപുസ്തകം ലൈബ്രറിപുസ്തകം ICT |
| 6 | മാതൃഭാഷയെപോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ എന്നിവ പരിചയപ്പെടുത്താൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | ടീച്ചർ | ലൈബ്രറി പുസ്തകം ICT |

| | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവഹണ കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 7 | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക | കഥ വായന<br>കവിതവായന | അക്കാദമിക് വർഷം | ടീച്ചർ | ലൈബ്രറി പുസ്തകം |
| 8 | വിവർത്തകർ വാർത്ത വായനക്കാർ ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യത പരിചയപ്പെടുത്തൽ | ICT യിലൂടെ ജേർണലിസ്റ്റുകളുടെ അഭിമുഖം കാണിക്കുക<br>പാഠഭാഗമായി ബന്ധപ്പെട്ട കവികളുടെ അഭിമുഖം കാണിക്കുന്നു.<br>വാർത്തവായന പരിചയപ്പെടുത്തുന്ന<br>പ്രശസ്ത കവികളുടെയും കഥാകാരൻമാരുടെയും ചെറുകഥകൾ, കവിതകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ ശ്രമിക്കുന്നു. | | | |